മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : 123.

വ്യവസായ സംഘങ്ങൾ.

* 545. [53] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര കയർ വ്യവസായ സംഘങ്ങൾ ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട് ;

(ബി) ഈ സൊസൈറ്റികൾക്ക് അഴകിയ തൊണ്ടോ ചകരിയോ ആവശ്യാനുസരണം കിട്ടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ചെയ്തിട്ടുള്ളത് ;

(സി) എത്ര സൊസൈറ്റികൾക്ക് ഇതിനകം ധനസഹായം ചെയ്തിട്ടുണ്ട് ; ആകെ എന്ത് ചെലവാക്കി ;

(ഡി) പുതുതായി ഇനിയും സൊസൈറ്റികൾ അനുവദിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 120 കയർ സൊസൈറ്റികൾ ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) ഈ സൊസൈറ്റികൾ കൊണ്ട് സംഘേന സംഘങ്ങൾ മുഖേന ആവശ്യാനുസരണം പച്ചത്തൊണ്ട് വാങ്ങി അഴക്കി അതിനെ അംഗങ്ങളുടെ ആവശ്യത്തിന് വിതരണം ചെയ്യുന്നതിനാണ് കയർ വ്യവസായ വികസനപദ്ധതി അനുസരിച്ച് വ്യവസ്ഥചെയ്തിട്ടുള്ളത്.

(സി) 87 സൊസൈറ്റികൾക്ക് ഇതിനകം ധനസഹായംചെയ്തിട്ടുണ്ട്. 18,83,500 രൂപ ചെലവായി.

(ഡി) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ അനുവദിച്ച 120 സൊസൈറ്റികൾക്കു പുറമേ പുതിയതായി 40 സൊസൈറ്റിക്കുടെ അനുവദിച്ചിട്ടുണ്ട്. അവ രജിസ്റ്റർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സൊസൈറ്റികൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

പഞ്ചവത്സരപദ്ധതി.

* 546. [54] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ നീലരേഖ (Blue print) തയ്യാറാക്കാൻ ഈ സഭയിലെ ഏതെല്ലാം കക്ഷികളും വ്യക്തികളും മെമ്പർമാരെ സഹായിച്ചിട്ടുണ്ട് ;

(ബി) ആ കക്ഷികളുടേയും വ്യക്തികളുടേയും ഒരു പട്ടിക വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly